കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4 /2349 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,

തീയതി: 15.03.2019

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: മലയിൻകീഴ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*പകർപ്പ്:*

1) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4 /2349 /2019 തീയതി: 15.03.2019

**തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9.07.2017 മുതൽ 9.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ .സാജൻലാൽ എസ്.ജെ (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 12.11.2018 മുതൽ 21.11.2018വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : | ശ്രീമതി .സിന്ധു.പി.എസ് (ഓഡിറ്റ് ഓഫീസർ)<br>ശ്രീ.സുരേഷ്ബാബു.ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.അനീഷ.എസ്.ബി(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ.കോസലരാമദാസ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.സീന.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.എസ്.ചന്ദ്രൻ നായർ 01.04.2017 മുതൽ 31.03.2018 വരെ

സെക്രട്ടറി : ശ്രീ.എസ്.അജിത് 01.04.2017 മുതൽ 06.01.2018 വരെ

ശ്രീ.രാജേഷ്, 07.01.2018 മുതൽ 22.01.2018 വരെ

ശ്രീ.നന്ദകുമാർ.ഡി. 23.01.2018 മുതൽ 31.03.2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദിശാമണിയൻ | 01.04.2017 മുതൽ 07.11.2017 വരെ |
| | ശ്രീ.ലിയോ .എൽ.ജോസ് | 08.11.2017 മുതൽ 05.01.2018 വരെ |
| | ശ്രീ.ബി.എസ്.അനിൽകുമാർ | 06.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി | ഡോ.ലേഖ തോബിയാസ് | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.രജനി.ആർ.വി | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ. രശ്മി.ആർ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ഇന്ദു ജി.നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ചിത്ര.വി.ജി | 01.04.2017മുതൽ 31.03.2018വരെ |
| എച്ച്.എം., എൽ.പി.എസ്. മച്ചേൽ | ശ്രീമതി.ഹെബ്സിബ.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. സുധാലക്ഷ്മി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ I | ശ്രീമതി എസ്.ബിന്ദു | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ II | ശ്രീ.രാജേഷ്.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജേഷ്.ജെ | 01.04.2017 മുതൽ 03.01.2018 വരെ |
| ഡി.എഫ്.ഐ | ശ്രീ.കൃഷ്ണകുമാർ.റ്റി.ജെ | 01.04.2017 മുതൽ 11.11.2017 വരെ |
| | ശ്രീമതി.സുനിത വടയാർ | 12.11.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | ബജറ്റ് രൂപീകരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 2-1 | |
| 14 | ഇ-ടെണ്ടർ ഫോറത്തിന്റെ വില/ടെണ്ടർ ഫീസ് ഈടാക്കിയില്ല | 2-2 | |
| 15 | സ്വകാര്യ മാർക്കറ്റ് -ലൈസൻസ് ചട്ടങ്ങൾ പാലിക്കുന്നില്ല | 2-3 | |
| 16 | വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല. | 2-4 | |
| 17 | ലൈബ്രറി രസീത് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുകയോ രസീത് ബുക്ക് അധികാരി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല | 2-5 | |

| | | | |
|---|---|---|---|
| 18 | വസ്തു നികുതി-സഞ്ചയ -സാംഖ്യ തുകകൾ പൊരുത്തപ്പെടുന്നില്ല | 2-6 | |
| | ഭാഗം 3 | | |
| 19 | വാഹന പരിപാലനം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-1 | |
| 20 | പഞ്ചായത്തിന്റെ നിർവ്വഹണാധികാരത്തിൽ വരാത്ത പ്രവൃത്തികൾക്കായി തുക ചെലവഴിച്ചു | 3-2 | |
| 21 | മഴക്കാല പൂർവ്വ ശുചീകരണം ചെലവ് , മോണിറ്ററിംഗ് വിവരങ്ങൾ ഇല്ല.100000/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 | |
| 22 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല –709092/- തുക തടസ്സപ്പെടുത്തുന്നു | 3-4 | |
| 23 | തെരുവുവിളക്കുകളുടെ മെയിന്റനൻസ് - നടത്തിപ്പിലെ അപാകതകൾ | 3-5 | |
| 24 | എസ്.എൽ.ഐ. പ്രീമിയം അടവാക്കിയതിൽ കുറവ് | 3-6 | |
| 25 | സംയുക്തപ്രോജക്റ്റ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല | 3-7 | |
| 26 | ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തുന്ന പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല. | 3-8 | |
| 27 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പദ്ധതികൾ - അധികം നൽകിയ ഓവർഹെഡ് ചാർജ് കുറച്ചിട്ടില്ല.നഷ്ടം 3351/- രൂപ | 3-9 | |
| 28 | അനുവദനീയമല്ലാത്ത ഇനങ്ങൾ റീ-ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു. വമ്പിച്ച ധനചോർച്ച | 3-10 | |
| 29 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു. | 3-11 | |
| 30 | നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കിയില്ല | 3-12 | |
| 31 | കുറ്റിക്കാട് റോഡ് സൈഡ് വാൾ നിർമ്മാണം-അപാകതകൾ-തടസ്സം-145579/- | 3-13 | |
| 32 | തുണിസഞ്ചി നിർമ്മാണ യൂണിറ്റിന് സബ്സിഡി നൽകൽ-അപാകതകൾ | 3-14 | |

| | | | |
|---|---|---|---|
| | | | |
| 33 | വീട് വാസയോഗ്യമാക്കൽ -മൂല്യനിർണയത്തിലധികരിച്ച് തുക നല്കി. | 3-15 | |
| 34 | കിണർ റീചാർജിംഗ് -ആനുകൂല്യം ലഭ്യമായ വ്യക്തികൾ ഗ്രാമസഭാ മിനിട്ട്സ് ബുക്കിലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടുകാണുന്നില്ല. | 3-16 | |
| 35 | ഗുണഭേക്താക്കളുടെ അപേക്ഷ ഹാജരാക്കിയിട്ടില്ല | 3-17 | |
| 36 | പകർച്ചവ്യാധി നിയന്ത്രണം-ഫോഗിംഗ് മെഷീൻ ലഭിച്ചിട്ടില്ല 6500/- രൂപ തടസ്സപ്പെടുത്തുന്നു. | 3-18 | |
| 37 | തുടർവിദ്യാഭ്യാസം -രേഖകൾ ഹാജരാക്കിയിട്ടില്ല | 3-19 | |
| 38 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു. | 3-20 | |
| 39 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-21 | |
| 40 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല. | 3-22 | |
| | ഭാഗം 4 | | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 46 | ഓഡിറ്റ് റിക്കവറി | 4-6 | |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 48 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |

| | | | |
|---|---|---|---|
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 51 | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്നത് | യഥാർത്ഥ ത്തിലുള്ളത് |
|---|---|---|
| വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 20,27,85,018 | 10,72,43,625 |
| ചെലവ് | 19,56,59,800 | 9,47,01,170 |
| നീക്കിയിരിപ്പ് | 71,25,218 | 1,25,42,455 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ അന്തരം നിലനിൽക്കുന്നു.

ഭാവിയിൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.04.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| ഓഡിറ്റ് നടത്തിയ തീയതി | റിപ്പോർട്ട് നമ്പർ |
|---|---|
| 27.06.2018 മുതൽ 30.06.2018 വരെ | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1512/2018 തീയതി 01.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12464899 |
| വരവ് | 94778726 |
| ആകെ | 107243625 |
| ചെലവ് | 94701170 |
| നീക്കിയിരിപ്പ് | 12542455 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 20748522 | 20748522 | 20748522 | 0 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 5378112 | 5378112 | 5378112 | 0 |
| സി.എഫ്.സി | 0 | 10204247 | 10204247 | 10204247 | 0 |
| ലോക ബാങ്ക് | 0 | 1535623 | 1535623 | 1535623 | 0 |
| ബി-ഫണ്ട് | 0 | 979320 | 979320 | 979320 | 0 |
| മെയിന്റനൻസ് റോഡ് | 0 | 18860472 | 18860472 | 18860472 | 0 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 3458568 | 3458568 | 3458568 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 2205398 | 12303000 | 14508398 | 13564350 | 944048 |
| WGDP(SCP) | 76769 | 2859 | 79628 | 0 | 79628 |
| സാക്ഷരത | 7945 | 240 | 8185 | 0 | 8185 |
| ഭവന നിധി | 40965 | 1237 | 42202 | 0 | 42202 |
| എം.ജി.എൻ.ആർ.ഇ | 205315 | 1206935 | 1412250 | 1406015 | 6235 |

| | | | | | |
|---|---|---|---|---|---|
| ജി.എസ് | | | | | |
| ദുരിതാശ്വാസനിധി | 1007 | 38 | 1045 | 0 | 1045 |
| CBI(WGDP ) | 1731 | 1880 | 3611 | 1224 | 2387 |
| E-payment | 0 | 38941 | 38941 | - | 38941 |
| സംയുക്ത പ്രേജക്ട് | 0 | 4718400 | 4718400 | 4797600 | -79200 |
| CBI(own Fund) | 9766578 | 15311549 | 25078127 | 13607926 | 11470201 |
| ക്യാഷ് | 159191 | 28783 | 187974 | 159191 | 28783 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ (%) |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 2252800 | 10 | 1721169 | 0 | 100% |
| 2 | വെറ്ററിനറി സർജൻ | 7 | 5755000 | 7 | 2722101 | 0 | 100% |
| 3 | എം.ഒ, സി.എച്ച്.സി | 6 | 1394831 | 4 | 1212277 | 2 | 66% |
| 4 | എം.ഒ, ഹോമിയോ | 4 | 1120000 | 3 | 320000 | 1 | 75% |
| 5 | എം.ഒ, ആയുർവേദം | 5 | 1350000 | 5 | 1350000 | 0 | 100% |
| 6 | വി.ഇ.ഒ 1 | 6 | 6391000 | 5 | 2004400 | 1 | 83% |
| 7 | വി.ഇ.ഒ 2 | 4 | 4020000 | 3 | 3355000 | 1 | 75% |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 6808670 | 11 | 5244344 | 3 | 79% |
| 9 | സെക്രട്ടറി | 45 | 16386004 | 39 | 13008899 | 6 | 87% |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | എച്ച്.എം. | 9 | 1754530 | 9 | 1691679 | 0 | 100% |
| 11 | എ.ഇ | 199 | 51724001 | 150 | 34107599 | 49 | 75% |
| 12 | ഡി.എഫ്.ഒ | 3 | 1564000 | 3 | 1413035 | 0 | 100% |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 4406000 | 15 | 2854675 | 2 | 88% |
| | ആകെ | 329 | 104926836 | 264 | 71005178 | 65 | 80% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 205315 | 1206935 | 1412250 | 1406015 | 6235 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 23096056 | 23096056 | 23096056 | |
| ആകെ | 205315 | 24302991 | 24508306 | 24502071 | 6235 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 319320 | 484 |
| കർഷക തൊഴിലാളി പെൻഷൻ | 7232200 | 613 |
| വിധവാപെൻഷൻ | 17823100 | 1515 |
| വാർദ്ധക്യകാല പെൻഷൻ | 26315100 | 2100 |
| വികലാംഗ പെൻഷൻ | 5041600 | 437 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 660000 | 22 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 340500 | 42 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018 രാവിലെ 10.30 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 114582/- രൂപ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

i) പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത ,ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്(.സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഓഫീസ് മീറ്റിംഗ് രജിസ്റ്റർ പ്രകാരം എല്ലാ മാസവും കൂടിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | ഇല്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |

| | | |
|---|---|---|
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആകെ വരവ് 9970/-(AFS പ്രകാരം ) |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട് |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013 /തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013, കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ഭേദഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം 1/2017-18 ) മറുപടിയായിഅറിയിച്ചിട്ടുണ്ട്.എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിശദാംശം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2018 | 2018 സെപ്റ്റംബർ | ലഭ്യമായില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.10.2018 | 2016-18 | ലഭ്യമായില്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1512/2018 തീയതി 01.08.2018-ാം നമ്പറായി ധനകാര്യപത്രിക ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2017-18 ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ പരിശോധിച്ചത് പ്രകാരം ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ താഴെ പറയും പ്രകാരം നടപടികൾ പാലിച്ചിട്ടുള്ളതായി കാണുന്നു.

നടപടിക്രമം

| ക്രമ നം. | നടപടി ക്രമം | പാലിക്കേണ്ട തീയതി | സ്വീകരിച്ച നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 10.2.17 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | വിവരങ്ങൾ ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 23.3.17 |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 17.3.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 27.3.17 |

| | | | |
|---|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27.3.17 |

ബജറ്റ് രൂപീകരണം.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ31.1.17 ലെ IV നമ്പർ തീരുമാന പ്രകാരം വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളോടും നിർവ്വഹണ ഉദ്യോഗസ്ഥരോടും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വിവിധ ഘടക സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് പ്രപ്പോസൽ ( പദ്ധതിചെലവുകൾക്കായും പദ്ധതിയേതര ചെലവുകൾക്കായും) ആവശ്യപ്പെട്ടതിന്റെയും ആയത് സമർപ്പിച്ചതിന്റെയും വിവരങ്ങൾ,പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രപ്പോസൽ തയ്യാറാക്കി സമർപ്പിച്ചതിന്റെ വിവരങ്ങൾ,ബജറ്റ് ചർച്ചക്കായി നോട്ടീസ് നല്കിയതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ( ഓഡിറ്റ് എൻക്വയറി -7,8).വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ടിസ് പരിശോധിച്ചത് പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുവാൻ തീരുമാനമെടുത്തിട്ടില്ല .

കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ് ചട്ടങ്ങൾ ) ചട്ടം 72 പ്രകാരം ബജറ്റിനെ അധികരിച്ചുള്ള ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ റിവൈസ്ഡ് ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ചട്ടം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല.

ഉദാ-

| ഹെഡ് നമ്പർ | ഇനം | വകയിരുത്തിയതുക | ചെലവാക്കിയ തുക |
|---|---|---|---|
| 250100201 | കൃഷിയും അനുബന്ധ വിളകളും | 200000 | 1359820 |
| 250103101 | മൃഗസംരക്ഷണംപശുവളർത്തൽ | 900000 | 2000000 |
| 250104601 | ക്ഷീരവികസനം- സംഭരണവും വിതരണവും | - | 1306040 |

ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല

2017-18 വാർഷിക ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാത്തതായി കാണുന്നു.

ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാതെ പദ്ധതി ഉപേക്ഷിച്ചതും റിവൈസ്ഡ് ബജറ്റ് യഥാസമയം പുതുക്കാതിരിക്കുകയും ചെയ്തത് കാരണം ടി തുക മറ്റ് പദ്ധതികൾക്കായി വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമാണുണ്ടായിട്ടുള്ളത്.

ഉദാ-

| ഹെഡ് നം.- | പദ്ധതി | 2017-18 ബജറ്റിൽ വകയിരുത്തിയ തുക |
|---|---|---|
| 2522014 | Bus stand | 500000 |

| | | |
|---|---|---|
| 2531009 | Computerisation of panchayat | 500000 |

യഥാവിധി ബജറ്റ് തയ്യാറാക്കാത്തതിനാൽ വിവിധ പ്രവൃത്തികൾക്കായി ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുകയോ ബജറ്റ് പ്രകാരം നീക്കിവെച്ച തുക ചെലവഴിക്കുവാൻ സാധിക്കുകയോ ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്.

## 2-2 ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെൻഡർ ഫീസ് ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയപദ്ധതികളിൽ നിന്നും ഫോറവിലയിനത്തിൽ 45240/-രൂപാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം 17/2018 ന് ലഭ്യമായ വിവരം) അക്കൗണ്ടിൽ ലഭ്യമായ ഫോറം വില/ടെൻഡർ ഫീസ് നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 സ്വകാര്യ മാർക്കറ്റ് -ലൈസൻസ് ചട്ടങ്ങൾ പാലിക്കുന്നില്ല

പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മലയിൻകീഴ് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് ഉടമസ്ഥതയിലുള്ള കൃഷ്ണമംഗലം മാർക്കറ്റിന്റെ 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് ഇനത്തിൽ 73333/- രൂപ (കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 222 (4)ഈടാക്കിയിട്ടുണ്ട്. എന്നാൽ (1996 ലെ കേരള പഞ്ചായത്ത് രാജ് ( പെതുമാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും ചട്ടങ്ങൾ ചട്ടം 9(i,ii,iii)), പ്രകാരം ലൈസൻസിനായി സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ, മുൻവർഷത്തെ മാർക്കറ്റിൽ നിന്നും ലഭിച്ച ആദായം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റ് എൻക്വയറി 10 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള പഞ്ചായത്തിന്റെ വരവിന്റെ കൃത്യത ഓഡിറ്റിന് ബോദ്ധ്യപ്പെടുത്തുവാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

തനത് വരുമാന സ്രോതസ് എന്ന നിലയിൽ ഈടാക്കുന്ന ലൈസൻസ് ഫീ കൃത്യമാണെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 341076/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 3411/- രൂപയുടെ നഷ്ടംമുണ്ടായി. വെൽഫയർ

ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ലൈബ്രറി രസീത് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുകയോ രസീത് ബുക്ക് അധികാരി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല

കരിപ്പൂ , കുന്നൻ പാറ സാംസ്കാരിക നിലയങ്ങളിൽ നിന്നായി തൻ വർഷം പഞ്ചായത്തിന് 3297/-രൂപ വരവ് ലഭിച്ചിട്ടുണ്ട്. കുന്നൻ പാറ സാംസ്കാരിക നിലയത്തിലെ ബുക്ക് നമ്പർ 17 പ്രകാരം 1 മുതൽ 75 വരെയുള്ള രസീതുകളാണ് ഉള്ളത്. പുതിയ സ്റ്റോക്ക് പ്രകാരമുള്ള ബുക്ക് ലഭ്യമല്ലാത്തതിനാൽ ലഭ്യമായ പഴയ സ്റ്റോക്കിൽ നിന്നും ബുക്ക് ഉപയോഗിച്ചതായി ലൈബ്രേറിയൻ അറിയിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കുകയോ രസീത് ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 37 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 വസ്തു നികുതി-സഞ്ചയ -സാംഖ്യ തുകകൾ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ വസ്തു നികുതി സംബന്ധിച്ച പരിശോധനയിൽ സഞ്ചയസോഫ്റ്റ്‌വെയറിലെയും വാർഷികധനകാര്യപത്രികയിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് തുകകൾ മാത്രമാണ് പൊരുത്തപ്പെടുന്നത്. വരവ്-നീക്കിയിരിപ്പ് തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പഞ്ചായത്ത് പരിധിയിൽ 15887 കെട്ടിടങ്ങളാണ് നിലവിലുള്ളത്, അതിൽ 14066 എണ്ണത്തിന്റെ പ്യൂരിഫിക്കേഷൻ മാത്രമാണ് നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Item | | Demand (I-1) | Collection(RP43) | Balance(B-15) |
|---|---|---|---|---|
| Residential building (Arrear) | AFS | -- | 2263817 | 1083946 |
| | Sanchaya | -- | 2160812 | 1015919 |
| Residential building (Current) | AFS | 3437713 | 2509937 | 973749 |
| | Sanchaya | 3437713 | 2448924 | 776739 |
| Non-Residential building (Arrear) | AFS | -- | 966737 | 948621 |
| | Sanchaya | -- | 1067926 | 339619 |
| Non-Residential building (Current) | AFS | 1481568 | 1137124 | 361666 |

| | | | | |
|---|---|---|---|---|
| | Sanchaya | 1481568 | 1201733 | 217312 |

സഞ്ചയ – സാംഖ്യ പൊരുത്തപ്പെടുത്തലുകൾ അടിയന്തിരമായി നടത്തി യഥാർഥ വരവ് കണക്കാക്കി തുക ഈടാക്കേണ്ടതാണ്.ഈ വിഷയത്തിലേയ്ക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹന പരിപാലനം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇന്ധന ചെലവിനായി 289389/- രൂപയും റിപ്പയർ & മെയിന്റനൻസിനായി 183317/- രൂപയും പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്) 170/07 തസ്വ.ഭ.വ തീയതി 30.06.2007 നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം, വാഹന പരിപാലനവുമായി ബന്ധപ്പെട്ട് ഇന്ധന രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, എന്നിവ പരിപാലിക്കുന്നില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL 20-F 882 നമ്പർ വാഹനത്തിന്റെ റിപ്പയറിനായി താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 21700505 27.10.2017 | 12154 |
| 2 | 21701484 12.3.2018 | 118013 |
| 3 | 21701708 28.3.18 | 16200 |

അറ്റകുറ്റപണി സംബന്ധിച്ച റിപ്പോർട്ട് വാഹന ഡ്രൈവർ കസ്റ്റോഡിയൻ ഓഫീസർക്ക് നൽകിയതിന്റെയും വാഹനത്തിന്റെ അറ്റകുറ്റപണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ്, കസ്റ്റോഡിയൻ ഓഫീസറോ, അസി. എഞ്ചിനീയറോ കണക്കാക്കിയതിന്റെയും വിശദാംശങ്ങൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂടാതെ, മേൽ നിർദ്ദേശ പ്രകാരം 10000/- രൂപയ്ക്ക് മുകളിലുള്ള ചെലവുകൾ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിലാണ് ചെയ്യേണ്ടത്. എന്നാൽ മേൽ ചെലവുകൾ ക്വട്ടേഷന്റെ അടിസ്ഥാനത്തിലല്ല ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 31 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ക്രമ നമ്പർ 1, 2 പ്രകാരമുള്ള ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
പഞ്ചായത്ത് കണ്ടിജന്റ് ചെലവുകളുടെ ആവശ്യകത, കൃത്യത എന്നിവ പരിശോധിക്കുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 പഞ്ചായത്തിന്റെ നിർവ്വഹണാധികാരത്തിൽ വരാത്ത പ്രവൃത്തികൾക്കായി തുക ചെലവഴിച്ചു

പഞ്ചായത്തിന്റെ നിർവ്വഹണാധികാരത്തിൽ വരാത്ത പ്രവൃത്തികൾക്കായി താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. | ചെലവിനം | തുക |
|---|---|---|
| 2170580/15.3.18 | കാട്ടാക്കട മണ്ഡലം- ഒപ്പം പദ്ധതിക്കായി കണ്ടല സ്റ്റേഡിയത്തിൽ ആർച്ച് നിർമിച്ചത് | 4000/- |
| 21700910/27.11.17 | കാട്ടാക്കട കോടതി സമുച്ചയം ശിലാ സ്ഥാപനം | 4000/- |
| | ആകെ | 8000/- |

പഞ്ചായത്ത് ഭരണസമിതി തീരുമാനമോ,സർക്കാറിന്റെ മുൻകൂർ അനുമതിയോ കൂടാതെയാണ് മേൽ ചെലവുകൾ നടത്തിയത്. പ്രസ്തുത ചെലവുകൾക്ക് ശേഷം ഭരണസമിതിയുടെ സാധൂകരണം ലഭിച്ചിട്ടുണ്ട്.

## 3-3 മഴക്കാല പൂർവ്വ ശുചീകരണം ചെലവ് , മോണിറ്ററിംഗ് വിവരങ്ങൾ ഇല്ല.100000/- രൂപ തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ 21700340/3.7.17 പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിനായി 100000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ ചെലവ് വിവരങ്ങൾ( ചെലവ് വൗച്ചറുകൾ ), മോണിറ്ററിംഗ് വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി 22 ന് മറുപടിയായി മെഡിക്കൽ ഓഫീസറുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആരോഗ്യം- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ മഴക്കാല പൂർവ്വശുചീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് നടന്നതായി രേഖപ്പെടുത്തലുകളില്ല. 20 വാർഡുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നൽകിയ തുകയുടെ ചെലവ് രേഖകൾ, മോണിറ്ററിംഗ് വിവരങ്ങൾ എന്നിവയുടെ അഭാവത്തിൽ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 709092/-തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ബിൽ നം. | തുക | ഒടുക്കിയത് |
|---|---|---|---|---|
| 20/18 | IKMന് തുക നൽകൽ | 8/17-18 | 104085 | ബ്ലോക്ക് പഞ്ചായത്ത്, നേമം |
| 145/18 | ജലശ്രീ വിഹിതം നല്കൽ | 21/19.10.17 | 100000 | |
| 3/18 | ലൈൻ ദീർഘിപ്പിക്കൽ | 11/27.7.17<br>33/8.01.18 | 49410<br>17189<br>14120 | KSEB മലയിൻകീഴ്<br>KSEB പേയാട്<br>KSEB മലയിൻകീഴ് |

| | | | | |
|---|---|---|---|---|
| 19/18 | ലൈൻ ദീർഘിപ്പിക്കൽ | 22/19.10.17 | 245240 | KSEB മലയിൻകീഴ് |
| | | 44/26.2.18 | 24300 | KSEB മലയിൻകീഴ് |
| | | 47/8.3.18 | 23135 | KSEB മലയിൻകീഴ് |
| | | 58/28.3.18 | 87075 | KSEB മലയിൻകീഴ് |
| | | 59/28.3.18 | 5395 | KSEB പേയാട് |
| | | 51/23.3.18 | 24948 | KSEB ബാലരാമപുരം |
| | | 54/23.3.18 | 14195 | KSEB പേയാട് |
| | | ആകെ | 709092 | |

പ്രവൃത്തികൾ നടത്തിയിട്ടുള്ളതിന് ഉപോത്ബലകമായി രേഖകൾ ലഭ്യമല്ലാത്തതിനാൽ 709092/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവുവിളക്കുകളുടെ മെയിന്റനൻസ് - നടത്തിപ്പിലെ അപാകതകൾ

വാർഷിക മെയിന്റനൻസ് കോൺട്രാക്ട് മുഖേനയാണ് ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തിവരുന്നത്. പഞ്ചായത്തിൽ ആകെയുള്ള പോസ്റ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണ് അടങ്കൽ തുക നിശ്ചയിച്ചിട്ടുള്ളത്. സാധനങ്ങളുടെ വില ഉൾപ്പടെ 2017 ഒക്ടോബർ വരെ 410624/- രൂപയും 11/2017 മുതൽ 10/2018 വരെയുള്ള കാലയളവിൽ 660000/- രൂപയുമുള്ള ടെണ്ടറുകളാണ് അംഗീകരിച്ചിട്ടുള്ളത്.

ബന്ധപ്പെട്ട KSEB സെക്ഷനിൽ നിന്നുള്ള നിന്നുള്ള റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ 4 ഗഡുക്കളായിട്ടായിരിക്കും തുക നൽകുകയെന്ന് ടെണ്ടർ നോട്ടീസിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, 20 വാർഡുകളിലെയും മെമ്പർമാർ തങ്ങളുടെ വാർഡുകളിലെ കേടായ വിളക്കുകൾ നന്നാക്കിയിട്ടുണ്ട് എന്നെഴുതി ഒപ്പിട്ടുനൽകിയതിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്യുന്നത്. ഓരോ ഇനം ലൈറ്റിന്റെയും മെയിന്റനൻസിനുള്ള തുക, ആവശ്യം വരുന്ന സാധനങ്ങളുടെ വില എന്നിവയൊന്നും കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ, മെയിന്റനൻസ് നടത്തിയ വിളക്കുകൾ എന്നീ വിശദാംശങ്ങൾ ലഭ്യമല്ല. ലേലത്തുക നാലു ഗഡുക്കളായി മുഴുവനായും കരാറുകാരന് നൽകിവരുന്നു.

പ്രവൃത്തികളുടെ നിർവ്വഹണം മോണിട്ടറിംഗ് നടത്തേണ്ട പൊതുമരാമത്ത്/ഊർജ്ജം വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ പോലും കരാറുകാരൻ ചെയ്ത പണികൾ പരിശോധിച്ചതായി രേഖയില്ല. പരാതി രജിസ്റ്ററിൽ കേടായ വിളക്കുകളുടെ എണ്ണമായി രേഖപ്പെടുത്തിയിട്ടുള്ളതും വളരെ തുച്ഛമാണ്.

എല്ലാ വർഷങ്ങളിലും പഞ്ചായത്തിന് വൻതുക ചെലവു വരുന്ന തെരുവ് വിളക്ക് മെയിന്റനൻസിന്റെ കാര്യക്ഷമവും ജനോപകാരപ്രദവുമായ നടത്തിപ്പിന് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 എസ്.എൽ.ഐ പ്രീമിയം അടവാക്കിയതിൽ കുറവ്

ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കിയതിൽ കുറവ്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | ശ്രീ.രാജേഷ്, അസി.സെക്രട്ടറി | 42500/- | 150/- | 500/- |
| 2. | ശ്രീ.ഫൈജു, സീനിയർ ക്ലാർക്ക് | 29200/- | 200/- | 300/- |
| 3 | ശ്രീ.ശ്രീജിത്ത് , സീനിയർ ക്ലാർക്ക് | 29200/- | 200/- | 300/- |
| 4 | ശ്രീമതി .പ്രിയ ഓഫീസ് അറ്റൻഡന്റ് | 24600/- | 150/- | 300/- |
| 5 | ശ്രീമതി .ശ്രീലക്ഷ്മി ഓഫീസ് അറ്റൻഡന്റ് | 19000/- | 250/- | 300/- |

അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-7 സംയുക്തപ്രോജക്റ്റ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | പത്രികകൾ തയ്യാറാക്കിയിട്ടുണ്ട് |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | സംയുക്തപ്രോജക്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി അദ്ധ്യക്ഷൻമാരുടെ ജില്ലാതലയോഗം ചേർന്നിട്ടുണ്ട്.(രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല) |

| | |
|---|---|
| 3.സംയുക്ത പ്രോജക്റ്റിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 4.സംയുക്ത പ്രോജക്റ്റിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 5.ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നടപടിക്രമം പാലിച്ചിട്ടില്ല.നിർവഹണം നടത്താൻ കഴിയാത്ത തുക തിരിച്ചടയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുകയും സ്പിൽ ഓവറായി അടുത്ത വർഷം ചെലവഴിക്കുകയുമാണ്. |
| 7.സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 8സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | നടപടി ക്രമം പാലിച്ചിട്ടില്ല |

| പ്രോജക്ട് നമ്പർ/ പേര് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ചെലവഴിച്ച തുക | | ചെലവഴിക്കാത്ത/ ബാക്കി തുക | |
|---|---|---|---|---|---|---|
| | | | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
| 227/18 പകൽവീട് നിർമ്മാണം | 1700000 | -- | -- | | 1700000 | |
| 327/18 കിണർ റീചാർജ് | 1000000 | | 820800 | | 179200 | |

| | | | | | | |
|---|---|---|---|---|---|---|
| 302/18<br>ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 500000 | | 456040 | | 73960 | |

പകൽവീട് നിർമ്മാണം,കിണർ റീചാർജ് എന്നീ പദ്ധതികൾ 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നുണ്ട്.എന്നാൽ ക്ഷീരകർഷകർക്ക് പാൽ സബ്സിഡി എന്ന പദ്ധതിയുടെ ചെലവഴിക്കാത്ത തുക പഞ്ചായത്തു ഫണ്ടിൽ നിലനിൽക്കുന്നു.2018-19 സാമ്പത്തിക വർഷത്തിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.ആയതിനാൽ പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-8 ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ -വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് ഫലപ്രദമല്ല.

ജി.ഒ.(എം.എസ്)10/2017തീയതി.09.01.17 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സർക്കുലർ നം.1/1559/2010/സി.ഇ/ത.സ്വ.ഭ.വ/തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പ്രവൃത്തികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് രേഖകൾ, തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ, കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എം.ബുക്ക് പ്രകാരം അനുവദിച്ച തുക |
|---|---|---|
| 1 | പേര്-മച്ചേൽ അമ്പലത്തിൻ വിള ഇടവഴി കോൺക്രീറ്റ്<br>അടങ്കൽ-50000/-<br>കൺവീനർ-ചന്ദ്രൻ നായർ<br>എം ബുക്ക് നം.-8/17-18<br>ബിൽ നം.-183/17-18 തീയതി31/10/17 | 49159/- |
| 2 | പേര്-ഗോവിന്ദമംഗലം ചെറുതല ഇടവഴി കോൺക്രീറ്റിംഗ്<br>അടങ്കൽ-50000/-<br>കൺവീനർ-പ്രതാപൻ<br>എം ബുക്ക് നം.-11/17-18<br>ബിൽ നം.-245/17-18തീയതി20/12/17 | 44811/- |
| 3 | പേര്-ശിവജിപുരം ബെയിലി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ-486000/-<br>കൺവീനർ-ബൈജു.കെ | 473352/- |

| | | |
|---|---|---|
| | എം ബുക്ക് നം.-826/16-17<br>ബിൽ നം.-47/17-18 തീയതി 22/07/17 | |
| 4 | പേര്-ആടോട്ടുകോണം നടപ്പാത കോൺക്രീറ്റിംഗ്<br>അടങ്കൽ-50000/-<br>കൺവീനർ-ചന്ദ്രൻ നായർ<br>എം ബുക്ക് നം.-2/17-18<br>ബിൽ നം.-165/17-18 തീയതി 26/10/17 | 49159/- |

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 35/ 18 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഓരോ ഇനം പ്രവൃത്തിക്കും അനിവാര്യമായ അളവിൽ മെറ്റീരിയലുകൾ ഉപയോഗിച്ചിരുന്നോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ ഫലപ്രദമല്ലാത്ത മോണിറ്ററിംഗ് അധിക ചെലവിന് കാരണമാകാം.. ആയതിനാൽ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതുമാണ്.

## 3-9 ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പദ്ധതികൾ -അധികം നൽകിയ ഓവർഹെഡ് ചാർജ് കുറച്ചിട്ടില്ല.നഷ്ടം- 3351/- രൂപ

ജി.ഒ(പി)നം30/2016ധന.തീയതി.29/02/16പ്രകാരം ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% ഓവർ ഹെഡ് ചാർജ്ജ് അനുവദിക്കാവുന്നതാണ്.എന്നാൽ ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 10% ഓവർ ഹെഡ് ചാർജ്ജ് നൽകിയാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തികളുടെ അന്തിമ മൂല്യത്തിൽ നിന്നും അധികം നൽകിയ ഓവർ ഹെഡ് ചാർജ്ജ് കുറയ്ക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

| ക്രമ നം. | പദ്ധതിയുടെ വിവരം | 10%ഓവർ ഹെഡ് ചാർജ് ഉൾപ്പെടെ നൽകിയ തുക (ആകെ പ്രവൃത്തി മൂല്യം) | 7.5%ഓവർ ഹെഡ് ചാർജ് ഉൾപ്പെടെ കണക്കാക്കേണ്ടിയിരുന്ന പ്രവൃത്തി മൂല്യം | അധികം ചെലവ് ചെയ്ത തുക |
|---|---|---|---|---|
| 1 | പദ്ധതി-വെള്ളം കൊള്ളി നടപ്പാത കോൺക്രീറ്റിംഗ്(164/18)<br>അടങ്കൽ-50000/-<br>ചെലവ്-49159/- | 49159 | 49159x100/110x107.5%=48042 | 1117 |

| | | | | |
|---|---|---|---|---|
| | കൺവീനർ-ഗീതാകുമാരി<br>എം ബുക്ക് നം-4/17-18<br>ബിൽ നം-38/17-18 തീയതി 26/10/17 | | | |
| 2 | പദ്ധതി-കുഴിവിളാകം നടപ്പാത കോൺക്രീറ്റിംഗ്. (195/18)<br>അടങ്കൽ-50000/-<br>ചെലവ്-49159<br>കൺവീനർ-പ്രതാപൻ<br>എം ബുക്ക് നം-8/17-18<br>ബിൽ നം-47/17-18തീയതി.31 /10/17 | 49159 | 49159x100/110x107.5%=48042 | 1117 |
| 3 | പദ്ധതി-മച്ചേൽ അമ്പലത്തിൻ വിള ഇടവിള കോൺക്രീറ്റിംഗ് (186/18)<br>അടങ്കൽ-50000/-<br>ചെലവ്-49159/-<br>കൺവീനർ-ചന്ദ്രൻ നായർ<br>എം ബുക്ക് നം-7/17-18<br>ബിൽ നം-46/17-18തീയതി 31/10/17 | 49159 | 49159x100/110x107.5%=48042 | 1117 |
| ആകെ- 3351 | | | | |

മേൽ വിഷയം ഓഡിറ്റ് എൻക്വയറി 33/18 പ്രകാരം അസി.എഞ്ചിനീയറെ ബോദ്ധ്യപ്പെട്ടുത്തിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. അധികം ചെലവ്ചെയ്ത തുക അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 അനുവദനീയമല്ലാത്ത ഇനങ്ങൾ റീ-ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു.വമ്പിച്ച ധനചോർച്ച

ധനകാര്യ വകുപ്പിന്റെ (ഇൻസ്പെക്ഷൻ വിഭാഗം-സാങ്കേതികം)20/07/2016 ലെ സർക്കുലർ നം. 16/2016 അനുസരിച്ച് റോഡുകളുടെ സബ് ബേസ്/ബേസ് കോഴ്സ് എന്നിവ ചെയ്യാൻ Wet Mix Mecadam

ഉപയോഗിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പുതുതായി ഒരു റോഡ് മെറ്റൽ ചെയ്യേണ്ട സാഹചര്യത്തിലാണ് ഉപയോഗിക്കേണ്ടത്. ആയതിനാൽ MoRD Specification അനുസരിച്ച് Wet Mix Mecadam,Priming coat എന്നീ ഇനങ്ങൾ fresh tarring പ്രവൃത്തികളിൽ മാത്രമാണ് ഉപയോഗിക്കേണ്ടത്.റീ ടാറിംഗ് പ്രവൃത്തികളിൽ ഈ ഇനങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. റീ ടാറിംഗ് പ്രവൃത്തികളിൽ pot hole filling/penetration mecadam (ടാർ ഉപയോഗിച്ച്) നടത്തിയാണ് പ്രവൃത്തി നിർവഹിക്കേണ്ടത്.എന്നാൽ മലയിൻകീഴ് ഗ്രാമ പഞ്ചായത്തിൻ റീ ടാറിംഗ് പ്രവൃത്തികളിൽ അനുവദനീയമല്ലാത്ത ഇനങ്ങളായ Wet Mix Mecadam,Priming coat എന്നീ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ വിവരം | Wet Mix Mecadam @75 mm thickness.<br>അനുവദിച്ച തുക | Prime coat-SS-1<br>അനുവദിച്ച തുക | അകെ അനുവദിച്ച തുക |
|---|---|---|---|---|
| 1 | പദ്ധതി-കുന്നും പാറ സാംസ്കാരിക നിലയം വടവൂർക്കോണം റോഡ് റീ ടാറിംഗ്-<br>അടങ്കൽ-354384/-<br>കൺവീനർ-T.ശ്രീകുമാർ<br>എം.ബുക്ക് നം-833/2016-17<br>ചെലവ്-329619/-<br>ബിൽ നം.-19/17-18 തീയതി.30/06/17 | 45M3@2913.86/$m^3$<br>=131123.70/-<br>എം.ബുക്ക് പേജ് നം 9 | 600$m^2$@28.86/$m^2$ =17316/-<br>എം ബുക്ക് പേജ് നം. 10 | 148440/- |
| 2 | പദ്ധതി-കാറക്കോണം കഴിവിളാകം റോഡ് റീടാറിംഗ്<br>അടങ്കൽ-139327/-<br>കൺവീനർ-അരുൺകുമാർ<br>എം ബുക്ക് നം-834/16-17<br>ചെലവ്-132846/-<br>ബിൽ നം-17/17-18തീയതി 30/06/17 | 14.4$m^3$ @2913.86/$m^3$<br>=41959/-<br>എം.ബുക്ക് പേജ് നം. 10 | 192$m^2$@28.86/$m^2$ =5541.12/-<br>എം.ബുക്ക് പേജ് നം. 11 | 47500/- |

| | | | | |
|---|---|---|---|---|
| 3 | പദ്ധതി-മച്ചേല് പമ്മത്തും മൂല റോഡ് റീ ടാറിംഗ്<br>അടങ്കൽ-271570/-<br>കൺവീനർ-ചന്ദ്രൻ നായർ<br>എം ബുക്ക് നം-530/16-17<br>ചെലവ്-250037/-<br>ബിൽ നം-18/17-18 തീയതി 30/06/17 | 46.35m$^2$@2913.86/m$^2$<br>=135057/-<br>എം.ബുക്ക് പേജ് നം. 10 | 618m$^2$@27.18/m$^2$ =16797/-<br>എം.ബുക്ക് പേജ് നം. 11 | 151854/- |
| 4 | പദ്ധതി-മണ്ണാമൂല റോഡ് റീ ടാറിംഗ്(54/18)<br>അടങ്കൽ-240244/-<br>കൺവീനർ-അരുൺ കുമാർ.ജി<br>എം ബുക്ക് നം-832/17-18<br>ചെലവ്-228824/-<br>ബിൽ നം.-12/17-18 തീയതി 30/06/17 | 41.52m$^3$@2913.86/m$^3$ =120983/- | 377.6m$^2$@28.86/m$^2$ =10897.53 | 131881/- |
| ആകെ =479675/- | | | | |

മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലും pot hole filling നടത്തി ടാർ ചെയ്യുവാനാണ് വ്യക്തമാക്കിയിരിക്കുന്നത്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-32/18 ന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. 479675/-രൂപായുടെ അധിക ചെലവ് ഉണ്ടായതിന് നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 150 പദ്ധതികളിൽ 70%ത്തിലധികം പദ്ധതികളും റോഡ് പ്രവൃത്തികളാണ്.എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്,കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്.റോഡ് കണക്റ്റിവിറ്റി മാപ്പ്

തയ്യാറാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ (ഓഡിറ്റ് എൻക്വയറി നം. 16/2018 തീ.13/11/2018) വിശദീകരണം ആവശ്യപ്പെട്ടപ്പോൾ 01/11/2018ൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചതായാണ് മറുപടി ലഭ്യമാക്കിയത്. റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കിയില്ല.

ജി.ഒ.(എം.എസ്) നം.72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.10/04/2017 ലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത ചുവടെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

1.ചിറ്റിയൂർക്കോട് നടപ്പാത കോൺക്രീറ്റ്

2.ഗസ്റ്റ്ഹൗസ് റോഡ് റീടാറിംഗ്

3.മാങ്കുന്ന് പൊറ്റയടിവിളാകം ഇടവഴി കോൺക്രീറ്റ്.

4.മച്ചേല് എൽ.പി.എസ്.കക്കൂസ് നിർമ്മാണം

5.പെരുമന എൽ.പി.എസ്.കക്കൂസ് നിർമ്മാണം

നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 27/18 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 3-13 കുറ്റിക്കാട് റോഡ് സൈഡ് വാൾ നിർമ്മാണം-അപാകതകൾ–തടസ്സം-145579/-

പദ്ധതി നം. -64/18

അടങ്കൽ -150000/- CFC Grant

ചെലവ് -145579/-

ബിൽ നം. -27/17-18തീയതി 31/08/17

കൺവീനർ -ജന്നറ്റ്

എം.ബുക്ക് നം. -984/17-18

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി.

ടി പ്രവൃത്തിയുടെ എം. ബുക്ക് പരിശോധിച്ചതിൽ 15/06/17 ൽ പ്രവൃത്തി പൂർത്തീകരിച്ചതായും അതേ

തീയതിയിൽ തന്നെ ചെക്ക് മെഷർമെന്റ് നടത്തിയിരുന്നതായും ബോധ്യപ്പെട്ടു.എന്നാൽ ഭരണ സമിതി തീരുമാനം II(10) പ്രകാരം 09/08/17 ൽ ആണ് പദ്ധതി റിവൈസ് ചെയ്യാനുള്ള അനുമതി നൽകിയിരിക്കുന്നത്.റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട്, റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ സാങ്കേതികാനുമതി നമ്പർ എന്നിവ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ്.വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരിയായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല.

2. <u>ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.</u>

സർക്കുലർ നം. 1/1559/2010/സി.ഇ/ത.സ്വ.ഭ.വ/തീയതി13.11.2014പ്രകാരം ഗുണഭോക്തൃ സമിതിനിർവഹണം നടത്തുന്ന പദ്ധതികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ മേൽ പദ്ധതിയുടെ വരവ് ചെലവ് രേഖകൾ സമിതി ഹാജരാക്കിയിട്ടില്ല.ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് രേഖകൾ തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ,മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ,കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർവഹിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി36/18 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് ചെയ്ത തുക145579/-ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-14 <u>തുണിസഞ്ചി നിർമ്മാണ യൂണിറ്റിന് സബ്സിഡി നൽകൽ-അപാകതകൾ</u>

പദ്ധതി നം. -149/18

അടങ്കൽ - വികസനഫണ്ട് ജനറൽ-300000/-

ബാങ്ക് ലോൺ-300000/-

ചെലവ് -300000/-

ബിൽ നം. -21/17-18 തീയതി 28/03/18

നിർവഹണം - വി.ഇ.ഓ

ഗുണഭോക്താവ്-സിൻഡ്രല്ല ക്യാരിബാഗ് യൂണിറ്റ്

12 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സംരംഭം എന്ന നിലയ്ക്ക് 300000/-രൂപാ വികസന ഫണ്ട് സബ്സിഡിയും 300000/-രൂപാ ബാങ്ക് ലോണും ഉൾപ്പെടെയാണ് പദ്ധതി രൂപീകരിച്ചത്. വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി തീരുമാനം നം 1(1) തീയതി 25/05/2017 പ്രകാരം പ്രസ്തുത പദ്ധതി ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയും പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനം നം 1(1) തീയതി 26/05/2017 പ്രകാരം പദ്ധതിക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 12 ഗുണഭോക്താക്കളുടെയും അപേക്ഷ ഫയലിനൊപ്പം ചേർത്തിട്ടില്ല.

2. സിൻഡ്രല്ല ക്യാരിബാഗ് യൂണിറ്റിന് ലോൺ നൽകിയതായിട്ടുള്ള ബാങ്കിന്റെ കത്ത് ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ കിട്ടിയെന്ന് ഉറപ്പുവരുത്താതെ സിൻഡ്രല്ല ക്യാരിബാഗ് യൂണിറ്റിന്റെ അക്കൗണ്ടിലേക്ക് (Central Bank, Malayinkeezhu)സബ്സിഡി തുക അനുവദിച്ച് നല്കിയത് നിർവഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥ ബാങ്കിൽ നിന്നും ലോണിന്റെ sanction letter വാങ്ങി ഹാജരാക്കിയത്.എന്നാൽ ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത വിവരങ്ങൾ ലഭ്യമാക്കിയില്ല. വികസനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ പതിയേണ്ടതാണ്.

# 3-15 വീട് വാസയോഗ്യമാക്കൽ -മൂല്യനിർണയത്തിലധികരിച്ച് തുക നല്കി.

പദ്ധതി നം. -104/18

അടങ്കൽ - വികസനഫണ്ട് ജനറൽ-3000000/-

ചെലവ് - 3000000/-

പദ്ധതി നം. -149/18PA

നിർവഹണം -വി.ഇ.ഓ

പദ്ധതിക്ക് എൽ.എസ്.ജി.ഡി.ഓവർസീയർ നൽകുന്ന മൂല്യനിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.മൂല്യനിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പൂർണ സബ്സിഡി നൽകുന്ന ഈ പ്രവൃത്തിയിൽ ശ്രീ.ശ്രീകുമാർ, നരസിംഹത്ത് വീട് മലയിൻകീഴ്,എന്ന ഗുണഭോക്താവിന് ഓവർസീയർ നൽകിയ മൂല്യനിർണയ സാക്ഷ്യപത്രത്തിലെ തുകയിൽ അധികരിച്ച് ആനുകൂല്യം നല്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ഓവർസീയർ നൽകിയ മൂല്യനിർണയസാക്ഷ്യപത്രത്തിലെ തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | ശ്രീകുമാർ, നരസിംഹത്ത് വീട് മലയിൻകീഴ് | 55000/- | 60000/- | 5000/- |

മേൽ പദ്ധതിയുടെ മോണിറ്ററിംഗ് ശരിയായ രീതിയിൽ നടത്തുവാൻ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ല. മാത്രമല്ല ഈയിനത്തിൽ വന്ന അധികച്ചെലവ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കർത്തവ്യ നിർവഹണത്തിന്റെ പരാജയവുമാണ്.അധികം നൽകിയ അർഹതയില്ലാത്ത ആനുകൂല്യം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-16 കിണർ റീചാർജിംഗ് -ആനുകൂല്യം ലഭ്യമായ വ്യക്തികൾ ഗ്രാമസഭാ

**മിനിട്ട്സ് ബുക്കിലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടുകാണുന്നില്ല.**

പദ്ധതി നം. -327/18

അടങ്കൽ - 2814000/- (ബ്ലോക്ക് വിഹിതം)

ചെലവ് - 820800/-

ബിൽ നം. -21/17-18തീയതി 28/03/18

നിർവഹണം - വി.ഇ.ഓ

ഈ പദ്ധതിയിൽ രണ്ടാം വാർഡിലെ 11 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്.എന്നാൽ ഈ ഗുണഭോക്താക്കളെ ഗ്രാമസഭാ മിനിട്ട്സ് ബുക്കിൽ ഉൾപ്പെട്ടുകാണുന്നില്ല.വിവരം ചുവടെ ചേർക്കുന്നു.

1.സുകുമാരി,കോച്ചപ്പിവിളാകത്ത് വീട് പാലോട്ടുവിള.

2.പത്മകുമാർ,പത്മശ്രീ കൃഷ്ണപുരം

3.സന്ധ്യാരാജൻ,സോപാനം,കൃഷ്ണപുരം

4.സതീശൻ നായർ,മേലേകരിപ്രവിലാകത്ത് വീട്.

5.കുമാരി,വിഷ്ണു ഭവൻ,മാത്തിൻകര.

6.വത്സലകുമാരി,വടക്കേവിളാകം,മാത്തിൻകര.

7.വിക്ടോറിയ,കോട്ടാറക്കുഴി,മേലേത്തട്ട് പുത്തൻവീട്,കരിപ്പൂർ

8.അർച്ചന, ബാലകൃഷ്ണമന്ദിരം,ശ്രീകൃഷ്ണപുരം.

9.ഗോപാലകൃഷ്ണൻ നായർ,നാരായണ മന്ദിരം,ശ്രീകൃഷ്ണപുരം.

10.അമ്പിളി,നെല്ലിമൂട്,മേലേവീട്,കൃഷ്ണപുരം.

11.കൃഷ്ണൻ,എസ്.വി.ഭവൻ കരിപ്പൂർ

പരാമർശം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം നല്കിയത് എന്നാണ് വി.ഇ.ഒ.മറുപടി നൽകിയത്.ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടാത്ത വ്യക്തികളെ ഭരണസമിതി അംഗീകരിച്ചിരിക്കുന്നതിന്റെ മാനദണ്ഡവും വ്യക്തമല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും ചുമതലകൾ കൃത്യമായി നിർവഹിക്കാത്തതിനാലാണ് ഇത്തരത്തിൽ അനർഹർക്ക് ആനുകൂല്യം ലഭിക്കുവാൻ ഇടയാക്കുന്നത്. ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ഗുണഭോക്താക്കളുടെ അപേക്ഷ ഹാജരാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ഗുണഭോക്താക്കൾക്ക് നേരിട്ട് ആനുകൂല്യം ലഭിക്കുന്ന വിവിധ പദ്ധതികളുടെ ഫയൽ പരിശോധനയിൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് 3.04.2017 ലെ സ.ഉ(എം.എസ്)നമ്പർ 80/2017 തസ്വഭവ അനുശാസിക്കും വിധത്തിലല്ല നടത്തിയിരിക്കുന്നത്..വിശദാംശം ചുവടെചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി/തുക |
|---|---|---|---|---|
| 1 | 96/18 കന്നുകുട്ടി പരിപാലനം | 1000000/- | 250000/- | 11/23.11.17 |
| 2 | 97/18 പശു വളർത്തൽ (വനിത) | 4000000/- | 2000000/- | 1/31.08.17 / 450000<br>5/20.09.17 / 525000<br>7/ 28.09.17/ 625000<br>8/21.10.17/ 175000<br>10/28.10.17/ 100000<br>12/23.11.17/ 50000<br>13/30.1.18/ 50000<br>15/20.02.18/ 25000 |
| 3 | 100/18 കോഴി വളർത്തൽ | 230000 | 100000 | 6/28.09.17/ 90000/-<br>9/28.10.17/ 10000/- |
| 4 | 102/18 മിനി ഡയറി യൂണിറ്റ് ആധുനികവൽക്കരണം | 250000 | 125000 | 14/30.01.18 75000/-<br>15/20.02.18 25000/-<br>16/20.02.18/ 25000/- |

മേൽ പദ്ധതികൾക്ക് ലഭിച്ച അപേക്ഷകൾ ഹാജരാക്കാത്തതു വഴി യഥാർത്ഥ ഗുണഭോക്താക്കൾക്കാണോ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചതെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 34 നുള്ള മറുപടിയിൽ അപേക്ഷകൾ പഞ്ചായത്ത് ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥർ അപേക്ഷകൾ പരിശോധനക്ക് വിധേയമാക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.ഈ വിഷയത്തിലേയ്ക്ക് വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റാന്റിംഗ് കമ്മിയുടെ മോണിറ്ററിംഗും ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല.

## 3-18 പകർച്ചവ്യാധി നിയന്ത്രണം-ഫോഗിംഗ് മെഷീൻ ലഭിച്ചിട്ടില്ല 6500/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 135/17-18 പ്രകാരം 210000/-രൂപ അടങ്കൽ വകയിരുത്തി 195000/-രൂപ മെഡിക്കൽ ഓഫീസർ-(സി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി ചെലവ് ചെയ്തിട്ടുണ്ട്. ഈ തുകയിൽ നിന്ന് 6500/- രൂപ ഫോഗിംഗ് മെഷീൻ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന്റെ അക്കൗണ്ട് നം. 701011400000174 ലേയ്ക്ക് നൽകിയിട്ടുണ്ട്.(ബിൽ നം 11/17-18 തീയതി 16.03.2018) എന്നാൽ നാളിതു വരെ ഫോഗിംഗ് മെഷീൻ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/17 ന് ഫോഗിംഗ് മെഷീൻ വാങ്ങുന്നതിനായി കെ.എം.സി.യിൽ 6500/-രൂപ മലയിൻക്കീഴ് ട്രഷറി വഴി കൈമാറിയിട്ടുള്ളതായും തുടർന്ന സ്ഥാപനവുമായി ബന്ധപ്പെട്ടപ്പോൾ മെഷീൻ നിലവിൽ ലഭ്യമല്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനത്തിൽ എത്തിക്കുന്നതായും അറിയിച്ചു. നാളിതുവരെ മെഷീൻ ലഭ്യമാക്കാത്ത സാഹചര്യത്തിൽ തുക പിഴ പലിശയടക്കം നൽകണമെന്ന ആവശ്യപ്പെട്ട് കത്ത് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തുക തിരികെ ഈടാക്കുവാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.ഭരണ സമിതിയുടെയും ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-19 തുടർവിദ്യാഭ്യാസം -രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. - SO 127/18

അടങ്കൽ തുക -49500/-

ചെലവ് തുക - 49500/-

ചെക്ക് നം. - 316385 തീയതി 5.03.2018

നിർവ്വഹണം - ഹെഡ്മാസ്റ്റർ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 3 തുടർ വിദ്യാകേന്ദ്രങ്ങളിലെ 33 പഠിതാക്കളുടെ ഫീസ് ഒരു പഠിതാവിനു 1500/-രൂപ നിരക്കിൽ അടവാക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചിരുന്നത്.പ്രസ്തുത തുക കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിൽ അടവു വരുത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളെക്കുറിച്ചോ, തുടർ വിദ്യാകേന്ദ്രത്തിലെ ഹാജർ രജിസ്റ്ററിൽ പാസായവരുടെ സർട്ടിഫിക്കറ്റിന്റെ വിവരമോ ഒന്നും തന്നെ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയി നം. 24/18 നു ടി പദ്ധതി പ്രകാരം ഫീസ് ഒടുക്കിയ 33 കുട്ടികൾക്ക് പരീക്ഷനടക്കുന്നതേയുള്ളൂവെന്നും ജനുവരി 2019-ൽ ഫലം വരുന്നമുറയ്ക്ക് റിസൽറ്റ് ഷീറ്റ് ഫയലിൽ ഉൾക്കൊള്ളിക്കുമെന്നും, മറ്റ് അനുബന്ധ വിവരങ്ങൾ ഹാജരാക്കുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അവ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-20 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു -52500/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 89/18,പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളത്തിനു വാട്ടർ അതോറിറ്റി ഗാർഹിക കണക്ഷൻ

ഫണ്ടിനം - എസ്.സി.പി ഫണ്ട്

അടങ്കൽ - 150000/-

ചെലവ് - 90000/-

ബിൽ നം. - 10/17-18 തീയതി 15.12.17

ബിൽ നം. - 13/17-18 തീയതി 14.03.18

ബിൽ നം. - 19/17-18 തീയതി 24.03.18

ബിൽ നം. - 22/17-18 തീയതി 25.03.18

ബിൽ നം. - 25/17-18 തീയതി 31.03.18

വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട എസ്.സി.പി ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോൾ 7500/- രൂപ സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി.എന്നാൽ ഫയൽ പരിശോധനയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.

1 റ്റി.അപ്പുക്കുട്ടൻ, അഖിൽ നിവാസ്,പേരേകേകോണം,മച്ചേൽ.

2 എൻ.സുകുമാരൻ,സുകുമാരവിലാസം,പേരേകേകോണം,മച്ചേൽ.

3 ബി.വാസന്തി,നെട്ടക്കാലവിള,വലിയറത്തല

4.കെ.എസ്.ദീപാറാണി,നെട്ടക്കാലവിള വീട്,വനിയറത്തല,നരുവാമൂട്

5 ലീലാബായി,കഴമം,മേലേപ്പുത്തൻവീട്,മച്ചേൽ

6 റ്റി.കൃഷ്ണൻക്കുട്ടി,അമ്പലിത്തലയ്ക്കൽ പുത്തൻവീട്,മലയിൻക്കീഴ്

7. തങ്കമ്മ.ജെ,കഴമം,മേലേപ്പുത്തൻവീട്,പേരേക്കോണം

ഓഡിറ്റ് എൻക്വയറി നം. 9 നുള്ള മറുപടി പ്രകാരം വീടിന് സമീപം KPW വാട്ടർ ലൈൻ കടന്നു പോകാത്ത ഗുണഭോക്താക്കളെ ഒഴിവാക്കിയതിനാൽ ധനസഹായം ലിസ്റ്റിലില്ലാത്തവർക്ക് കൊടുക്കേണ്ടി വന്നു എന്നറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കുവാൻ കഴിയില്ല. ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് അതത് ഗ്രാമസഭകളിൽ വച്ച് സാധൂകരണം നേടേണ്ടതാണ്. ആയതിനാൽ മേൽ വ്യക്തികൾക്ക് നൽകിയ 52500/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-21 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

### അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

പഞ്ചായത്തിലെ 20 വാർഡുകളിലായി ആകെ 333 അയൽക്കൂട്ടങ്ങളാണുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 159 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 1790 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു.1871 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

340 പദ്ധതികൾക്ക് സാങ്കേതികനുമതി ലഭിച്ചുവെങ്കിലും 272 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ലേബർ ബഡ്ജറ്റ് പ്രകാരം 10219 പദ്ധതികൾ വിഭാവനം ചെയ്തു. 68538 തൊഴിൽദിനങ്ങൾ മാത്രമാണ് 2017-18 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്.ശരാശരി 38 തൊഴിൽദിനങ്ങൾ.100 ദിവസം തൊഴിൽ ലഭിച്ച 41 കുടുംബങ്ങൾ മാത്രമാണുള്ളത്.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനായി 2017-18 ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | തോട് പുനരുദ്ധാരണം | 91 |
| 2 | കുളം നിർമ്മാണം | 10 |

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

2005 മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് നിയമം പദ്ധതി നിർവ്വഹണ മാർഗനിർദേശം 6 പ്രകാരം പ്രവൃത്തി സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

2017-18 വാർഷിക പദ്ധതി പ്രകാരം പദ്ധതി നടത്തിപ്പിനായി ലേബർ കംപോണന്റിനത്തിൽ 18479000/-രൂപയും മെറ്റീരിയൽ കംപോണന്റിനത്തിൽ 4300000/-രൂപയും ചെലവഴിച്ചിരിക്കുന്നു.

ജി.ഒ(ആർ.ടി)334/12/ത.സ്വ.ഭ.വ, തിയതി.02-02-2012പ്രകാരം നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10%തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ മേൽ സൂചന പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്ന യാതൊരു പ്രവൃത്തിയും ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടില്ല. ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-22 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല.

വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൻമേൽ (സ.ഉ(എം.എസ്.80/2017 /ത.സ്വ.ഭ.വ,തീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണംനൽകി ആവശ്യമുള്ള മുഴുവൻപേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ | നൽകിയിട്ടുണ്ട് |

| | | |
|---|---|---|
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | തയ്യാറാക്കിയിട്ടുണ്ട് |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം | തയ്യാറാക്കിയിട്ടില്ല |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. | ആനുകൂല്യം നൽകുന്ന സമയത്ത് പരിശോധന നടത്തുന്നുണ്ട് |
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | തയ്യാറാക്കിയിട്ടില്ല |
| 6 | കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾസഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | രേഖപ്പെടുത്തിയിട്ടുണ്ട് |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചു നൽകണം | നൽകിയിട്ടുണ്ട് |
| 8 | അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം | പ്രസിദ്ധീകരിച്ചിട്ടില്ല. |

പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയോടൊപ്പം അർഹതാ മാനദണ്ഡം , മുൻഗണനാ മാനദണ്ഡം, മാർക്ക് എന്നിവ സൂചിപ്പിക്കുന്ന അനുബന്ധം ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ അപേക്ഷകളിൽ ഈ വിധത്തിലുള്ള മാനദണ്ഡം പാലിച്ചല്ല ഗുണഭോക്താക്കളുടെ പട്ടിക ക്രമപ്പെടുത്തിയിട്ടുള്ളത്.കൃത്യമായ അപേക്ഷയുടെ അടിസ്ഥാനത്തിലല്ല ആനുകൂല്യം നൽകുന്നത്.ഗ്രാമപഞ്ചായത്ത് സ്വീകരിച്ച ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടി യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനു തടസ്സംസൃഷ്ടിച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000 | വൃദ്ധസദനത്തിന് സ്ഥലം വാങ്ങൽ | 500000 | -- |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 424000 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 424000 | -- |
| | 2017-18 | 1700000 | പകൽ വീട് നിർമ്മാണം | 0 | 1700000 |
| | 2017-18 | 1000000 | കിണർ റീചാർജ് | 820800 | 179200 |
| | 2017-18 | 300000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 300000 | 0 |
| | 2017-18 | 500000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി (വനിത) | 456040 | 73960 |
| | 2017-18 | 424000 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 424000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 150000 | 0 |
| | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി (വനിത) | 200000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ | 2198000 | 0 | 2198000 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 138995 | 0 | 138995 |
| KSEB | ലൈൻ നീട്ടൽ | 529997 | 24990 | 505007 |
| KSEB | ഫിറ്റിംഗ് ചാർജ്ജ് | 80635 | 0 | 80635 |
| PWD electrical wing | പഞ്ചായത്ത് ഓഫീസ് വയറിംഗ് | 955000 | 0 | 955000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണം | സ.ഉ.(സം)നം. 275/2010/ തസ്വഭവ തീയതി 27/01/2010 | 17118000 | 4061776 | 1711800 | | 2349976 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|---|
| 1 | 2013-14 | 3-21 | 15030 | -- | 11700100188/10.04.17 |
| 2 | 2014-15 | 3-2 | 56691 | ദിവ്യചന്ദ്രൻ.എസ്.(എഇ) | 117010101419/23.05.18 |
| 3 | 2015-16 | 3-2 | 91142 | ശാന്തിലക്ഷ്മി.എസ് | 117010101498/27.05.17 |
| 4 | 2010-11 | 3-2(1) | 360 | രേവതി.വി | 118010101724/15.05.18 |
| 5 | 2010-11 | 3-2(1) | 480 | ഉഷ.എൽ | 118010101725/15.05.18 |
| 6 | 2010-11 | 3-2(2) | 125 | സരിതകുമാരി | 117010101409/24.03.18 |
| | | | 250 | ബേബി.എ | 118010100851/24.04.18 |
| | | | 125 | വത്സല | 118010101303/3.05.18 |
| | | | 125 | വിനോദ് | 118010100304/3.05.18 |
| | | | 250 | ഉഷ.എസ് | 118010101710/15.05.18 |
| | | | 500 | ജോയ്സ് | 118010101711/15.05.18 |

| | | | | | |
|---|---|---|---|---|---|
| | | | 125 | വസന്തകുമാരി | 118010101712/15.05.18 |
| | | | 125 | സിന്ധു.പി | 118010101713/15.05.18 |
| | | | 375 | ഭവാനി | 118010101714/15.05.18 |
| | | | 125 | ശാലിനി | 118010101715/15.05.18 |
| | | | 125 | വത്സല | 118010101716/15.05.18 |
| | | | 125 | ചന്ദ്രിക | 118010101717/15.05.18 |
| | | | 375 | ഇന്ദിര | 118010101718/15.05.18 |
| | | | 250 | രാധ | 118010101719/15.05.18 |
| | | | 125 | വാസന്തി | 118010101720/15.05.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 94778726 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94701170 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8351 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 961171 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-9 | - | 3351/- | ശ്രീമതി.ദിശാമണിയൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | - | 5000/- | ശ്രീ.രാജേഷ്.ആർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 8351/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 100000/- | ശ്രീ.എസ്.അജിത്ത്,സെക്രട്ടറി |
| 3.4 | 709092/- | ശ്രീ.എസ്.അജിത്ത് , സെക്രട്ടറി<br>ശ്രീ.സി.നന്ദകുമാർ.സെക്രട്ടറി |
| 3.13 | 145579/- | ശ്രീമതി.ദിശാമണിയൻ,അസി.എഞ്ചിനീയർ |
| 3.18 | 6500/- | ഡോ.ലേഖ തോബിയാസ്,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| ആകെ | 961171 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.അജിത് എസ്, സെക്രട്ടറി | - | റ്റി.സി.52/2240, പൗർണ്ണമി, നേമം പി.ഒ, 695020 |
| ശ്രീ.സി.നന്ദകുമാർ, സെക്രട്ടറി | സെക്രട്ടറി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് | ചന്ദ്രകമലം, മണപ്പുറം,മലയിൻകീഴ് പി.ഒ |
| ശ്രീമതി.ദിശാമണിയൻ, അസിസ്റ്റന്റ് എഞ്ചിനീയർ | - | മണിമംഗലം, റ്റി.സി 50/54(15), എം.എൻ.ആർ.എ 44 (1) മഹാത്മ റോഡ്, കാലടി, കരമന പി.ഒ |
| ഡോ.ലേഖ തോബിയാസ് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് | ഗ്രേസ്, സായിനഗർ, പാപ്പനംകോട്, പാപ്പനംകോട് പി.ഒ |
| ശ്രീ.രാജേഷ്.ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | - | മുരുകാലയം, റ്റി.സി6/2085(1), മണ്ണാറത്തല റോഡ്, വലിയവിള, വട്ടിയൂർക്കാവ് പി.ഒ- 695013 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 4 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1130/, തീയതി, 22.06.2018 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4 / 2003/16തീയതി.21.11.16 | 8 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1639/2017 തീയതി 16.08.2017 | 16 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം – I</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്